പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1216

20.03.2012 - ൽ മറുപടിക്ക്

## കെ.എസ്.ടി.പി.രണ്ടാംഘട്ടത്തിനുള്ള ലോകബാങ്ക് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള<br>,, മോൻസ് ജോസഫ്<br>,, സി. എഫ് തോമസ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) കെ.എസ്.റ്റി.പി. രണ്ടാം ഘട്ടത്തിന് ലോകബാങ്ക് സഹായം ലഭിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടുണ്ടോ ; | (എ) അന്തിമതീരുമാനമായിട്ടില്ല. ഇക്കാര്യത്തിൽ ലോകബാങ്കുമായുള്ള ചർച്ചകൾ നടന്നുവരുന്നു. |
| (ബി) എങ്കിൽ എത്ര കോടി രൂപയാണ് ഇപ്രകാരം ലഭിക്കുന്നത് ; എന്നത്തേക്ക് പ്രസ്തുത ഫണ്ട് ലഭിക്കുമെന്നാണ് കണക്കാക്കുന്നത് ; | (ബി) കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന് ആകെ 2942 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ ലോകബാങ്ക് ധനസഹായം 648 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ തുക 2013-14 മുതൽ ലഭ്യമാകുമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ അതിനു മുൻപ് പണി തുടങ്ങുന്നതിന് സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ ചെലവാകുന്ന പണം മുൻകാലപ്രാബല്യത്തിൽ ലോകബാങ്കിൽ നിന്നും ലഭിക്കാനുള്ള വ്യവസ്ഥ നിലവിലുണ്ട്. |

(സി) ഫണ്ട് ലഭ്യമായാൽ എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) 2012 മെയ് - ജൂൺ മാസം രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ വിളിക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ തന്നെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

(ഡി) രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ഡി) കേരളത്തിൽ ആകെ 367 കി.മീ. ദൈർഘ്യംവരുന്ന 7 റോഡുകളുടെ പുനരുദ്ധാരണമാണ് കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

1. ചെങ്ങന്നൂർ-മൂവാറ്റുപുഴ റോഡ്. (എം.സി.റോഡ്) - 87.50 കി.മീ.
2. പുനലൂർ-പൊൻകുന്നം-തൊടുപുഴ റോഡ്. - 132.22 കി.മീ.
3. കാസറഗോഡ് – കാഞ്ഞങ്ങാട് റോഡ് - 27.76 കി.മീ.
4. പിലാത്തറ – പാപ്പിനിശ്ശേരി റോഡ് - 20.90 കി.മീ.
5. തളിപ്പറമ്പ – ഇരിട്ടി റോഡ് - 4.5 കി.മീ.
6. തലശ്ശേരി – വളവുപാറ റോഡ് - 53.12 കി.മീ.
7. പെരുമ്പിലാവ് -പട്ടാമ്പി -പെരിന്തൽമണ്ണ റോഡ്. -41 കി.മീ.

കൂടാതെ 1000 കി.മീ.റോഡുകളുടെ ഹെവിമെയിന്റനൻസ്, റോഡു സുരക്ഷാ പ്രവർത്തനങ്ങൾ, പൊതു മരാമത്ത് വകുപ്പിനെ ശക്തി പ്പെടുത്തൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ച 254 കി.മീ.

| | | | |
|---|---|---|---|
| | | | റോഡുകളുടെയും 28 ഹെവി മെയിന്റനൻസ് റോഡുകളുടെയും ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റപണികൾ ചെയ്യുക എന്നിവ കൂടി കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന കാര്യം 2012 ഫെബ്രുവരി മാസം കേരളം സന്ദർശിച്ച ലോകബാങ്ക് പ്രതിനിധികൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ഇ) | നേരത്തെ നിശ്ചയിച്ചതു കൂടാതെ അപ്ഗ്രേഡേഷന് വേണ്ടി പുതുതായി റോഡുകൾ ഉൾപ്പെടുത്തുന്നകാര്യം തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ ആണ് റോഡ് ഏറ്റെടുക്കുന്നത് എന്ന് വ്യക്തമാക്കാമോ ; ഇതിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ എന്തൊക്കെയാണ്; | (ഇ) | തീരുമാനിച്ചിട്ടില്ല. ലോകബാങ്ക് മാർഗ്ഗരേഖകൾ മുഖാന്തിരം തെരഞ്ഞെടുക്കുന്ന ഒരു വിദഗ്ധ കൺസൾട്ടന്റിനെ കൊണ്ട് വിശദമായ സാങ്കേതിക സാമ്പത്തിക സാധ്യതാപഠനം നടത്തിയശേഷമാണ് അപ്ഗ്രഡേഷനു വേണ്ടിയുള്ള റോഡുകൾ റോഡുകൾ തെരഞ്ഞെടുക്കുന്നത്. |
| (എഫ്) | കെ. എസ്.റ്റി.പി.രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെങ്ങന്നൂർ-കോട്ടയം-കുറവിലങ്ങാട്-മൂവാറ്റുപുഴ റോഡിന്റെയും തൊടുപുഴ- പാലാ-പുനലൂർ റോഡിന്റെയും ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ പൂർത്തികരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (എഫ്) | കെ. എസ്.റ്റി.പി.രണ്ടാം ഘട്ടത്തിൽപ്പെട്ട ചെങ്ങന്നൂർ-മൂവാറ്റുപുഴ റോഡിന്റെയും തൊടുപുഴ-പുനലൂർ റോഡിന്റെയും ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. |

(ജി) ഇതിൽ അവശേഷിക്കുന്നത് ഏതെല്ലാം പ്രദേശങ്ങളാണ് ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

(ജി) ചെങ്ങന്നൂർ-കോട്ടയം-കുറവിലങ്ങാട്- മൂവാറ്റുപുഴ റോഡിന്റെ വികസനത്തിനായി ഇനി 19 റവന്യൂ വില്ലേജുകളിൽ നിന്നും 60,740m² സ്ഥലവും തൊടുപുഴ- പാലാ- പുനലൂർ റോഡിന്റെ വികസനത്തിനായി ഇനി 10 റവന്യൂ വില്ലേജുകളിൽ നിന്നും 6,593m² സ്ഥലവും ഏറ്റെടുക്കാനുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. മേൽ വിവരിച്ച രണ്ട് റോഡുകളിലേയും സ്ഥലങ്ങൾ മെയ്മാസം അവസാനത്തോടെ പൂർണ്ണമായും ഏറ്റെടുക്കുന്നതാണ്.

Sobitha

സെക്ഷൻ ഓഫീസർ

## അനുബന്ധം

ചെങ്ങന്നൂർ - മൂവാറ്റുപുഴ റോഡിൽ ഏറ്റെടുക്കാനുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നമ്പർ | വില്ലേജ് | ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം ($m^2$) |
|---|---|---|
| 1 | തിരുവല്ല | 17186 |
| 2 | കാവുംഭാഗം | 218 |
| 3 | ചങ്ങനാശ്ശേരി | 582 |
| 4 | വാഴപ്പള്ളി ഈസ്റ്റ് | 999 |
| 5 | വാഴപ്പള്ളി പടിഞ്ഞാറ് | 623 |
| 6 | കുറിച്ചി | 684 |
| 7 | നാട്ടകം | 5224 |
| 8 | കോട്ടയം | 658 |
| 9 | പെരുമ്പായിക്കാട് | 2340 |
| 10 | പേരൂർ | 1812 |
| 11 | അതിരമ്പുഴ | 1558 |
| 12 | ഏറ്റുമാനൂർ | 1724 |
| 13 | കാണക്കാരി | 2346 |
| 14 | കുറുവിലങ്ങാട് | 7448 |
| 15 | മോനിപ്പള്ളി | 7804 |
| 16 | വെളിയന്നൂർ | 1146 |
| 17 | കൂത്താട്ടുകുളം | 611 |
| 18 | പാലക്കുഴ | 476 |
| 19 | മാറാടി | 7301 |
| ആകെ | | **60740** |

തൊടുപുഴ-പാലാ-പുനലൂർ റോഡിൽ ഏറ്റെടുക്കാനുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നമ്പർ | വില്ലേജ് | ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം ($m^2$) |
|---|---|---|
| 1 | പത്തനാപുരം | 48 |
| 2 | കലഞ്ഞൂർ | 585 |
| 3 | കൂടൽ | 280 |
| 4 | കോന്നി | 219 |
| 5 | റാന്നി | 374 |
| 6 | ചേത്തക്കൽ | 2391 |
| 7 | ചിറക്കടവ് | 364 |
| 8 | മീനച്ചിൽ | 40 |
| 9 | ളാലം | 2192 |
| 10 | രാമപുരം | 100 |
| ആകെ | | **6593** |

Salitha

സെക്ഷൻ ഓഫീസർ